# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 10.10.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഗുജറാത്ത് സന്ദർശനം പുരോഗമിക്കുന്നു; സാസൻ ഗിറിലെ പ്രാദേശിക ഗോത്ര സമൂഹവുമായി രാഷ്ട്രപതി സംവദിക്കും.

   **President Droupadi Murmu's visit to Gujarat is progressing; the President will interact with the local tribal community in Sasan Gir.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും; വയനാടിന് കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതുൾപ്പെടെ ചർച്ച ചെയ്യും.

   **Chief Minister Pinarayi Vijayan will meet Prime Minister Narendra Modi in New Delhi today; They will discuss, matters including providing more central assistance to Wayanad.**

3. ഭക്ഷ്യ മേഖലയിൽ ആത്മനിർഭരത കൈവരിക്കുന്നതിനാണ് പ്രധാനമന്ത്രി ധൻ-ധാന്യ യോജന പയർവർഗ സ്വാശ്രയ ദൗത്യ മിഷൻ എന്നിവയ്ക്ക് തുടക്കം കുറിക്കുന്നതെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Minister Shivraj Singh Chouhan said that the Pradhan Mantri Dhan-Dhanya Yojana and the Pulses Self-Reliance Mission are being launched to achieve self-reliance in the food sector.**

4. ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിനായുള്ള വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.

**The notification for the first phase of Bihar assembly elections will be issued today.**

5. ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും മാനസികാരോഗ്യം എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക മാനസികാരോഗ്യ ദിനം.

**Today is World Mental Health Day with the theme of mental health in disasters and emergencies.**

6. ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാനത്തെ മത്സരം ഇന്ന് ആരംഭിക്കും.

**The last match of the India-West Indies Test cricket series will start today.**

## PRESIDENT - GUJARAT VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഗുജറാത്ത് സന്ദർശനം പുരോഗമിക്കുന്നു. രാഷ്ട്രപതി ഇന്ന് സോമനാഥ് ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് ഗിർ ദേശീയോദ്യാനം സന്ദർശിക്കുന്ന ശ്രീമതി മുർമു സാസൻ ഗിറിലെ പ്രാദേശിക ഗോത്ര സമൂഹവുമായി സംവദിക്കും. അഹമ്മദാബാദിൽ ഗുജറാത്ത് വിദ്യാപീഠത്തിന്റെ 71-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

## PM-UK

നവീകരണം, ഉൾചേർക്കൽ എന്നിവയിൽ ആഗോള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് രാജ്യത്തെ ഡിജിറ്റൽ ആവാസവ്യവസ്ഥയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഇന്ത്യ- യുകെ സ്വതന്ത്ര വ്യാപാര കരാറിലൂടെ ഇരു രാജ്യങ്ങളിലേയും മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ വർദ്ധനയുണ്ടാക്കാൻ സാധിക്കുമെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമർ പറഞ്ഞു.

## INDIA-UK FTA

ഇന്ത്യയും യുകെയും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യയുടെ വിക്സിത് ഭാരത് ദർശനത്തെ വളർത്തിയെടുക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. മുംബൈയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യു.കെ പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രാദേശിക, ആഗോള വിഷയങ്ങളിൽ വിപുലമായ ചർച്ചകൾ നടത്തിയതായി മിസ്രി അറിയിച്ചു. യു.കെയിലെ സർവകലാശാലകളിൽ നിന്നുള്ള വൈസ് ചാൻസലർമാരുമായി ഇരു നേതാക്കളും സംവദിച്ചു. പരിഷ്കരിച്ച യു.എൻ സുരക്ഷാ കൗൺസിലിൽ സ്ഥിരാംഗമായി ഇടം നേടുന്നതിന് ഇന്ത്യയ്ക്ക് യു.കെയിൽ നിന്ന് പിന്തുണ ലഭിച്ചിട്ടുണ്ടെന്നും മിസ്രി അറിയിച്ചു.

## CM - PM MEETING

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. വയനാടിന് കൂടുതൽ കേന്ദ്ര സഹായം, കേരളത്തിന് എയിംസ് തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ മുഖ്യമന്ത്രി ഉന്നയിക്കും. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനുമായി ഇന്നലെ നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിൻ്റെ ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടവും മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് സമർപ്പിച്ചു. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, ജെ പി നഡ്ഡ, നിതിൻ ഗഡ്കരി

എന്നിവരുമായി മുഖ്യമന്ത്രി ചർച്ച നടത്തി. കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിങ്ങ് ശെഖാവത്തുമായി മന്ത്രി മുഹമ്മദ് റിയാസും ഇന്നലെ കൂടിക്കാഴ്ച നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## AGRI MINISTER –PULSES MISSION (INTRO )

രാജ്യത്തെ ആത്മനിർഭർ ആക്കുന്നതിനുള്ള സംരംഭങ്ങളാണ് പ്രധാനമന്ത്രി ധൻ-ധാന്യ യോജനയും പയർവർഗ്ഗ സ്വാശ്രയ ദൗത്യ മിഷനുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പ്രധാനമന്ത്രി ധൻ-ധാന്യ യോജന പ്രകാരം, ഉൽപ്പാദനക്ഷമത കുറഞ്ഞ 100 ജില്ലകളെ സർക്കാർ കണ്ടെത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് കേന്ദ്ര കൃഷി മന്ത്രി പറഞ്ഞു. ഇരു പദ്ധതികളും പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

(ഹോൾഡ് വോയിസ് )

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## BIHAR ASSEMBLY

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിനായുള്ള വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. ഇതോടെ, ആദ്യ ഘട്ടത്തിലേക്കുള്ള നാമനിർദ്ദേശ പത്രിക സമർപ്പണവും ആരംഭിക്കും. 243 അംഗ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിലായാണ് നടക്കുക. നവംബർ 6 ന് 121 സീറ്റുകളിലേക്കുള്ള ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 17 ആണ്. നവംബർ 11 നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## WORLD MENTAL HEALTH DAY

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യം നേരിടുന്ന വെല്ലുവിളികളും, പരിഹാരമാർഗങ്ങളും സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "സേവനങ്ങളുടെ ലഭ്യത - ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും മാനസികാരോഗ്യം" എന്നതാണ് ഈ വർഷത്തെ പ്രമേയം.

## POSHAN- GEORGE KURIAN

എട്ടാമത് രാഷ്ട്രീയ പോഷൻ മായോട് അനുബന്ധിച്ചുള്ള സംസ്ഥാനതല പരിപാടി കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് ഉദ്ഘാടനം ചെയ്യും. കോഴിക്കോട് പുതിയറ എസ് കെ പൊറ്റക്കാട് ഹാളിൽ രാവിലെ 10.30 നാണ് പരിപാടി. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് പാലക്കാട് വിവിധ പരിപാടികളിൽ പങ്കെടുക്കും. പാലക്കാട് നഗര സഭയുടെ വിവിധ വികസന പദ്ധതികളുടെ ഉത്ഘാടനം നിർവഹിക്കും.

## VIKRAM MISRI- KHALISTAN (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.കെ പ്രധാനമന്ത്രി കെയർ സ്റ്റാമറും ഖാലിസ്ഥാൻ തീവ്രവാദ വിഷയം ചർച്ച ചെയ്തതായി വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി പറഞ്ഞു. സ്റ്റാമറിന്റെ ഇന്ത്യാ സന്ദർശനവുമായി ബന്ധപ്പെട്ട പ്രത്യേക വാർത്താ സമ്മേളനത്തിലാണ് വിദേശകാര്യ സെക്രട്ടറി ഇക്കാര്യം അറിയിച്ചത്. ജനാധിപത്യ സമൂഹങ്ങളിൽ തീവ്രവാദത്തിന് ഇടമില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പിച്ചു പറഞ്ഞതായി വിക്രം മിശ്രി പറഞ്ഞു. യു.കെയിൽ ഖാലിസ്ഥാൻ തീവ്രവാദികളുടെ സാന്നിധ്യത്തെക്കുറിച്ച് ഇന്ത്യ നേരത്തെ ആശങ്ക

പങ്കുവെച്ചിരുന്നു. മാഞ്ചസ്റ്ററിലെ സിനഗോഗിന് സമീപം അടുത്തിടെ നടന്ന ആക്രമണത്തെയും ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെയും ഇരു നേതാക്കളും അപലപിച്ചതായി വിക്രം മിസ്രി പറഞ്ഞു.

(ഹോൾഡ് വോയിസ് )

## PM INDIA –PM ISRAEL

ഗാസ സമാധാന പദ്ധതിയുടെ വിജയത്തിന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിനെയും യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്നലെ ഇരു നേതാക്കളുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ ബന്ദികളെ മോചിപ്പിക്കുന്നതിനും ഗാസയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട മാനുഷിക സഹായം നൽകുന്നതിനുമുള്ള കരാറിനെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു.

## AMOEBIC

തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ച രണ്ട് പേർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ തുടരുന്നു. ആരോഗ്യവകുപ്പ് ജാഗ്രത കർശനമാക്കി. ഇതോടെ തിരുവനന്തപുരം ജില്ലയിൽ 3 ദിവസത്തിനിടെ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചവരുടെ എണ്ണം 5 ആയി.

## IMD WEATHER

അസം, നാഗാലാൻഡ്, മണിപ്പൂർ, മേഘാലയ, മിസോറം, ത്രിപുര എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന്

കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആന്ധ്രാപ്രദേശ്, തീരദേശ കർണാടക, കേരളം, മാഹി, ഒഡീഷ, തെക്കൻ ഉൾനാടൻ കർണാടക, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത. പശ്ചിമ ബംഗാൾ, ലക്ഷദ്വീപ്, തെലങ്കാന എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസത്തേക്ക് ഇടിമിന്നലോടുകൂടിയ മഴയും ഇടിമിന്നലും ഉണ്ടാകും. മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെ വേഗതയിൽ കാറ്റിനും സാധ്യതയുണ്ടെന്നു കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## WEATHER - KERALAM

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

## TEST CRICKET

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും മത്സരം ഇന്ന് ആരംഭിക്കും. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാവിലെ 09:30 നാണ് മത്സരം. ആദ്യ ടെസ്റ്റിലെ നിർണായക വിജയത്തിന് ശേഷം, ശുഭ്മാൻ ഗിൽ നയിക്കുന്ന ടീംഇന്ത്യ മറ്റൊരു മികച്ച വിജയത്തിനായാണ് ശ്രമിക്കുന്നത്.

## INDIA-SOUTH AFRICA WOMEN CRICKET

ഐ.സി.സി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്നലെ വിശാഖപട്ടണത്ത് നടന്ന ആവേശകരമായ മത്സരത്തിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയോട് 3 വിക്കറ്റിന് പരാജയപ്പെട്ടു. 252 റൺസ്

വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക 3 വിക്കറ്റും 7 പന്തും ബാക്കി നിൽക്കെ ലക്ഷ്യം നേടുകയായിരുന്നു. ശ്രീലങ്കയ്ക്കും പാകിസ്ഥാനുമെതിരായ ആദ്യ രണ്ട് മത്സരങ്ങളിൽ ഇന്ത്യ വിജയം നേടിയിരുന്നു.

## GST REFORMS- HARYANA

പുതു തലമുറ ജി.എസ്.ടി പരിഷ്കാരങ്ങൾ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വലിയ തോതിൽ ഗുണം ചെയ്യുന്നു. ഹരിയാനയിലെ കർഷകർ, ഉത്പാദകർ, ചെറുകിട സംരംഭങ്ങൾ എന്നിവർക്ക് പുതിയ ജിഎസ്ടി പരിഷ്കരണം വലിയ ആശ്വാസമാണ് നൽകുന്നത്. ഓട്ടോമോട്ടീവ് ഘടകങ്ങളുടെ ജിഎസ്ടി 18 ശതമാനമായി കുറച്ചതോടെ, വാഹനങ്ങളുടെ വിലയിൽ കുറവുണ്ടായി.

## ASSEMBLY

15-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിന് ഇന്നലെ സമാപനമായി. സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ശബരിമല സ്വർണപാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും രൂക്ഷമായ പ്രതിപക്ഷ പ്രതിഷേധത്തിന് സഭ വേദിയായി. ഇന്നലത്തെ കാര്യപരിപാടിയിലുണ്ടാ യിരുന്ന ബില്ലുകൾക്ക് പുറമേ ഇന്ന് പരിഗണിക്കാനിരുന്ന ബില്ലുകൾ കൂടി ഇന്നലെ തന്നെ പരിഗണിച്ചാണ് സഭ പിരിഞ്ഞത്.